# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുടാളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.10/232/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 24/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂടാളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.10 /232/2023 തീയ്യതി: 24/03/2023

## കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-08-2021 മുതൽ 05-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി എൻ.എൻ - ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി.വനജ മാടത്താൻക്കണ്ടി -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ധന്യ.എം -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .ഷൈമ. പി.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ദിനേശൻ പാറയിൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 14-04-2021 |
| ശ്രീ. രാജൻ. കെ. | സെക്രട്ടറി | 15-04-2021 | 02-07-2021 |
| ശ്രീ. ദിനേശൻ പാറയിൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-07-2021 | 07-07-2021 |
| ശ്രീ.എം.പ്രദീപൻ | സെക്രട്ടറി | 08-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജസ്ന മരിയ.പി.എൽ | കൃഷി ഓഫീസർ | 01-04-2021 | 13-10-2021 |
| ശ്രീമതി.രേഖ.കെ.ജെ | കൃഷി ഓഫീസർ | 14-10-2021 | 23-10-2021 |
| ശ്രീമതി.വീണ.എം | കൃഷി ഓഫീസർ | 24-10-2021 | 25-11-2021 |
| ശ്രീമതി.ഷെറിൻ ജോസ് | കൃഷി ഓഫീസർ | 26-11-2021 | 31-03-2022 |
| ഡോ.എസ്.മഹേഷ് | വെറ്റിനറി സർജൻ | 01-04-2021 | 26-11-2021 |
| ഡോ.സിനി.കെ.ആർ | വെറ്റിനറി സർജൻ | 27-11-2021 | 22-02-2022 |
| ഡോ.ഷാക്കിറ മോൾ | വെറ്റിനറി സർജൻ | 23-02-2022 | 31-03-2022 |
| ഡോ.സോന ബി നായർ | മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.സോജ്. ആർ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. സുധീർ എളമ്പിലാൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജിത്ത്. വി.കെ. | വി ഇ ഒ ( കുടാളി സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ജോമോൾ ജോസ് | വി ഇ ഒ ( പട്ടാന്നൂർ സെക്ഷൻ) | 01-04-2021 | 22-11-2021 |
| ശ്രീ.ശ്രീജിത്ത്. വി.കെ. | വി ഇ ഒ ( പട്ടാന്നൂർ സെക്ഷൻ) | 23-11-2021 | 03-01-2022 |
| ശ്രീ.ബിജു.കെ.പി | വി ഇ ഒ ( പട്ടാന്നൂർ സെക്ഷൻ) | 04-01-2022 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. അരുൺ രേണുക ദേവി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ദിനേശൻ പാറയിൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. പ്രസാദൻ. കെ. പി. | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.ബിന്ദു സുധാകർ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീത പി.വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 07-09-2021 |
| ശ്രീ.ഷാജി.സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 08-09-2021 | 31-03-2022 |
| ശ്രീമതി. ആർദ്ര എസ്. കൃഷ്ണ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 12-04-2021 |
| ശ്രീ.എബിന്ദ മഷൂദ് എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 13-04-2021 | 01-07-2021 |
| ശ്രീമതി.ജിനില.ജെ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 02-07-2021 | 27-12-2021 |
| ശ്രീമതി. അഷിന കെ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 28-12-2021 | 21-02-2022 |
| ശ്രീമതി.നിധിന കെ. | ഓവർസിയർ അസി. എഞ്ചിനീയറുടെ അധിക ചുമതല | 22-02-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ. | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | പെൻഷൻ വിതരണത്തിലെ അപാകങ്ങൾ | 1-7-1 |
| 10 | സർവ്വീസ് /ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷപെൻഷൻ തിരിച്ചടക്കാത്തത് | 1-7-2 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | ഗ്രാമസഭ | 1-10 |
| 14 | വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനത്തിൽ നിന്നും വ്യത്യസ്തമായി വസ്തുനികുതി ഈടാക്കി വരുന്നു | 1-11 |
| 15 | വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ | 1-12 |
| 16 | വനിതാവ്യവസായ കേന്ദ്രത്തിലെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-13 |
| 17 | റദ്ദാക്കിയ രസീതിലെ തുക സഞ്ചയയിൽ വരവ് രേഖപ്പെടുത്തി | 1-14 |
| 18 | പുതുക്കിയ സർക്കാർ നിർദ്ദേശം വരുന്നതിനു മുമ്പ് ആർജിതാവധി സറണ്ടർ അനുവദിച്ചത് | 1-15 |
| 19 | ഡഫേർഡ് സാലറി, ഡി എ അരിയർ എന്നിവയിൽ നിന്നും എൻ.പി.എസ് വിഹിതം ഈടാക്കിയില്ല | 1-16 |
| 20 | സുഭിക്ഷ കേരളം-ഇടവിളക്കിറ്റ് വിതരണം പ്രോജക്ട് - അപാകങ്ങൾ ₹132818 തടസ്സപ്പെടുത്തുന്നു. | 1-17 |
| 21 | നെൽകൃഷി വിത്ത് കുമ്മായം കൂലിച്ചെലവ് പ്രോജക്ട് - കുമ്മായം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല- ₹202500 തടസ്സപ്പെടുത്തുന്നു. | 1-18 |
| 22 | മുട്ടക്കോഴി വിതരണം, വനിതാ ഗ്രൂപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ചെലവ് തുക ₹ 300000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-19 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലനം - പദ്ധതി പൂർത്തീകരിച്ച് വിനിയോഗ | 1-20 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | |
| 24 | ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ- രേഖകൾ ലഭ്യമാക്കിയില്ല - ₹ 43306 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 25 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കാത്തത് സംബന്ധിച്ച്. | 1-22 |
| 26 | ബങ്കണപ്പറമ്പ് ഗ്രാമ പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിലേക്ക് റോഡിന് സ്ഥലമേറ്റെടുക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-23 |
| 27 | ബങ്കണപ്പറമ്പ് കുടിവെള്ള പദ്ധതി - ഹാൻഡ് പൈപ്പ് മാറ്റി മോട്ടോർ സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 28 | നരിപ്പോട്ടക്കരി കുടിവെള്ള പദ്ധതി - പൈപ്പ്ലൈൻ നീട്ടൽ -₹440376 ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 29 | വയോജനവിശ്രമകേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ-ടെണ്ടർ ബിലോ കുറക്കാത്തത് ₹25,174 നിരാകരിക്കുന്നു | 1-26 |
| 30 | കാലി ബാരൽ വിലയും, ജി എസ് ടിയും ഈടാക്കാത്തത്-കാലി ബാരൽ വില ₹3089 നിരാകരിക്കുന്നു | 1-27 |
| 31 | കാലിബാരൽ വിലയും ,ജി എസ് ടിയും അതാത് ഫണ്ടിൽ /വകുപ്പിലേയ്ക്ക് ഒടുക്കാത്തത് | 1-28 |
| 32 | ലൈബ്രറികളോടനുബന്ധിച്ച് പൊതു ശൗചാലയം -സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടത് | 1-29 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യാത്തത് | 1-30 |
| 34 | മരാമത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-31 |
| 35 | ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം അപാകങ്ങൾ - ₹63500 തടസ്സപ്പെടുത്തുന്നു | 1-32 |
| 36 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ ₹83,035 മരുന്ന് ലഭ്യമായില്ല | 1-33 |
| 37 | മഴക്കാല പൂർവ്വ ശുചീകരണം -ചെലവു രേഖകൾ ലഭ്യമാക്കിയില്ല, 275293/- രൂപയുടെ ചെലവ് ((95293 + 180000) തടസ്സപ്പെടുത്തുന്നു. | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വയോജനവിശ്രമകേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ-ടെണ്ടർ ബിലോ കുറക്കാത്തത് ₹25,174 നിരാകരിക്കുന്നു | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 20.2.2021 ലെ അജണ്ട 1 ,തീരുമാന 52/21 നമ്പർ തീരുമാന പ്രകാരം ബജറ്റും , 15.3.22ലെ അജണ്ട 1 തീരുമാന 25/22 നമ്പർ പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചു

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 22852075 | 63486893 |
| വരവ് | 197442000 | 151316844 |
| ആകെ | 220294075 | 214803737 |
| ചെലവ് | 215552750 | 169518723 |
| നീക്കിയിരിപ്പ് | 4741325 | 45285014 |

ബജറ്റ് സംക്ഷിപ്തത്തിൽ വരവും ചെലവും രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. സംക്ഷിപ്തത്തിൽ വരവും ചെലവും യഥാക്രമം ₹199442000 , ₹ 217552750 ആണ് .

## 1-2 വാർഷിക ധനകാര്യ പത്രിക

കൂടാളി ഗ്രാമ പഞ്ചായത്തിന്റെ 06/05/2022ലെ 1/1/22 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 19.5.2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ.

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.

2. I-4(b), RP-4 ഷെഡ്യൂളുകൾ പ്രകാരം ബിൽഡിംഗ് പെർമിറ്റ് ഫീയിനത്തിൽ ₹385393 യും ബിൽഡിംഗ് ക്രമവത്കരണ ഫീയിനത്തിൽ ₹649269 യും വരവുണ്ട്. ഈ തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനായി രജിസ്റ്ററുകൾ ലഭ്യമാക്കിയെങ്കിലും സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

4. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2), 62(f) എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

5. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.

6. വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹276148 വരവുണ്ട്. ഈയിനത്തിലുള്ള വരവ് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. B-11 Schedule ന് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8. ആസ്തി, ഡിപ്രീസിയേഷൻ ഇവ കണക്കാക്കിയതുമായി ബന്ധപ്പെട്ട പത്രിക പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

9. എസ് എസ് എ ഫണ്ട് - പഴയ എസ് ബി ടി പാസ്സ് ബുക്ക് പ്രകാരവും (അക്കൗണ്ട് നമ്പർ 67023873381) 2020-21 വാർഷിക ധനകാര്യ പത്രികയിലെ RP-40(b) ഷെഡ്യൂൾ പ്രകാരവും 31-3-21 ന് ₹2020 നീക്കിയിരിപ്പുണ്ട്. 2021-22 വാർഷിക കണക്കിലെ RP-40(b) ഷെഡ്യൂൾ പ്രകാരം 31-3-22 ന് ₹2025 നീക്കിയിരിപ്പുണ്ടെങ്കിലും അക്കൗണ്ട് അപ്ഡേറ്റ് ചെയ്തതിന്റെ രേഖകളും റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10. അക്കൗണ്ട് ഹെഡ് 350200299, Recoveries Payable -Other Deductions ഇനത്തിൽ (B-9 ഷെഡ്യൂൾ) ₹13789 ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ഡപ്പോസിറ്റ് രജിസ്റ്ററിൽ മുൻ ജൂനിയർ സൂപ്രണ്ട് സ്മിത കെ പി- യിൽ നിന്നും എച്ച് ആർ എ റിക്കവറിയിനത്തിൽ 23-10-2019 ൽ ഈടാക്കിയതായി രേഖപ്പെടുത്തിയ ഈ തുക നാളിതുവരെയായി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കാത്തതിന് കാരണം അറിയിക്കേണ്ടതാണ്.

11. അക്കൗണ്ട് ഹെഡ് 460100199 – Other Advances (B-18 ഷെഡ്യൂൾ) പ്രകാരം ആരോഗ്യ ജാഗ്രതാ പ്രമോഷൻ ക്യാമ്പയിന് വേണ്ടി മെഡിക്കൽ ഓഫീസർ, പി എച്ച് സി ക്ക് 2019-20, 2020-21 വർഷങ്ങളിൽ ₹180000 യും 2021-22 വർഷം സാക്ഷരത പ്രേരകിന് ഹോണറേറിയം ഇനത്തിൽ ₹33120 യും ചേർത്ത് ആകെ ₹213120 നൽകിയത് റീക്കപ്പ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/17-2-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 4,92,95,037.68 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,40,23,928.00 |
| ആകെ | 13,33,18,965.68 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,40,42,454.00 |
| നീക്കിയിരിപ്പ് | 4,92,76,511. 68 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28,263.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,17,417 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 21109000 | 21109000 | 19498990 | 1610010 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1262000 | 1262000 | 1262000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ACR പ്രകാരം) | | 10453169 | 10453169 | 4617297 | 5835872 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് (ACR പ്രകാരം)(പലിശ ഒഴികെ) | - | 4601333 | 4601333 | 3956969 | 644364 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 10932000 | 10932000 | 10410995 | 521005 |
| മെയിന്റനൻസ്, നോൺ റോഡ് | - | 6311930 | 6311930 | 4156234 | 2155696 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| സർവ്വശിക്ഷ അഭിയാൻ | 2020 | 5 | 2025 | - | 2025 |
| ദുരിതാശ്വാസനിധി | 57779 | 30052 | 87831 | 14000 | 73831 |
| എം ജി എൻ ആർ ഇ ജി എസ് | 1000 | 33473646 | 33474646 | 33469670 | 4976 |
| പൂരക പോഷകാഹാരം | 252390 | 1263982 | 1516372 | 1240395 | 275977 |
| ഒ ഡി എഫ് | 3500 | 0 | 3500 | 0 | 3500 |
| ശുചിത്വമിഷൻ | 2460983 | 0 | 2460983 | 1636459 | 824524 |
| വിമുക്തി | 3148 | 0 | 3148 | 0 | 3148 |
| ലൈഫ് മിഷൻ സംസ്ഥാന വിഹിതം | 320000 | 480000 | 800000 | 800000 | 0 |
| ലൈഫ് മിഷൻ | 20000 | - | 20000 | - | 20000 |
| സാക്ഷരത | 5315 | 186 | 5501 | - | 5501 |
| മുനിസിപ്പൽ കോർപ്പറേഷൻ ടൈഡ് ഫണ്ട് | 800000 | - | 800000 | 800000 | 0 |

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷംഅംഗീകാരംലഭിച്ചപ്രൊജക്കുകൾനടപ്പാക്കിയതിന്റെവിവരംതാഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്കുകളുടെശതമാനം |
|---|---|---|---|---|---|---|---|
| 211 | 10,60,45,533 | 173 | 6,33,58,867 | 141 | 32 | 38 | 67 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം | പദ്ധതി അടങ്കൽ | അംഗീകരിച്ചപദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 38,34,490 | 7 | 30,53,383 | 7 | 80 |
| 2 | വെറ്റിനറി സർജ്ജൻ | 39,10,000 | 7 | 24,50,480 | 7 | 63 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 30,22,223 | 9 | 23,98,927 | 8 | 79 |
| 4 | മെഡിക്കൽഓഫീസർ (ആയുർവേദ) | 9,10,000 | 2 | 8,97,186 | 2 | 99 |
| 5 | മെഡിക്കൽഓഫീസർ (ഹോമിയോ) | 2,00,000 | 1 | 2,00,000 | 1 | 100 |
| 6 | സെക്രട്ടറി | 1,36,86,778 | 38 | 74,80,364 | 22 | 55 |
| 7 | ഐസി ഡി എസ് സൂപ്പർവൈസർ | 91,86,943 | 14 | 80,57,690 | 14 | 88 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 4,56,52,078 | 94 | 2,64,79,373 | 75 | 58 |
| 9 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 8,00,141 | 3 | 1,83,024 | 3 | 23 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ഡയറി ഫാം ഇൻസ്പക്ടർ | 14,72,000 | 2 | 8,04,910 | 2 | 55 |
| 11 | വി ഇ ഒ | 2,18,28,713 | 23 | 1,00,56,388 | 21 | 46 |
| 12 | ഹെഡ് മാസ്റ്റർ | 4,87,167 | 4 | 4,47,218 | 4 | 92 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 10,55,000 | 7 | 8,49,924 | 7 | 81 |
| | ആകെ | 10,60,45,533 | 211 | 6,33,58,867 | 173 | 60 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ് /നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| MGNREGS | ഭരണചെലവ് | 1000 | 1024431 | 1025431 | 1020455 ( 2035 തിരിച്ചടച്ചതാണ് ) | 4976 |
| | ഗുണഭോക്താക്കൾക്കുള്ള കൂലി | | 32449215 | 32449215 | 32449215 | |
| | | 1000 | 33473646 | 33474646 | 33469670 | 4976 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 93,81,400 | 565 |
| വിധവാപെൻഷൻ | 1,68,29,600 | 1112 |
| വാർദ്ധക്യകാലപെൻഷൻ | 3,31,26,400 | 2596 |
| ഭിന്ന ശേഷി പെൻഷൻ | 60,17,200 | 397 |
| 50വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ | 23,73,200 | 154 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000 | 3 |

### 1-7-1 പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് 2021-22 വർഷം കൂടാളി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന

നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നം &തീയതി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|---|---|
| നാരായണി.കെ | 803290598360 | 111670201276 | 4/22 Dt11.1.22 | 23.12.2021 | | 4/22വരെ | സസ്പെൻഡ് |
| സി കുഞ്ഞിക്കണ്ണൻ | 329269239509 | 111670202288 | 5/22 Dt 20.1.22 | 9.1.2022 | | 4/22വരെ | സസ്പെൻഡ് |
| എം.പി.അബ്ദുൾ റഹിമാൻ | 417210169101 | 111670201855 | 13/22 Dt 5.2.22 | 25.1.2022 | | 4/22വരെ | സസ്പെൻഡ് |
| കണ്ണൻ.കെ | 766918534024 | 111670201807 | 21/22 Dt 10.2.2022 | 2.2.2022 | | 11/22വരെ | ആക്ടീവ് |
| നാരായണി.എ | 664773462506 | 111670201119 | 40/22 Dt25.3.2022 | 22.3.22 | വാർധക്യ കാല പെൻഷൻ | 4/22വരെ | സസ്പെൻഡ് |
| കെ.ഗോവിന്ദൻ | 319386679937 | 111670201094 | 91/21 Dt 13.8.21 | 28.7.2021 | | 1/22 വരെ | സസ്പെൻഡ് |
| പി പുരുഷോത്തമൻ | 327537499849 | 111670202791 | 103/21 Dt9.9.21 | 19.8.21 | | 1/22 വരെ | സസ്പെൻഡ് |
| ഭാസ്കരൻ കെ | 579603414016 | 111670202607 | 94/21 Dt 25.8.21 | 8.8.21 | | 1/22 വരെ | സസ്പെൻഡ് |
| കെ.കൃഷ്ണൻ | 841219513968 | 111670201707 | 106/21 Dt 10.9.21 | 29.8.21 | | 1/22 വരെ | സസ്പെൻഡ് |
| ടി.കെ.നഫീസ | 319776079165 | 111670600198 | 124/21 Dt 16.10.21 | 30.9.21 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 1/22 വരെ | സസ്പെൻഡ് |
| പി.പി.കൃഷ്ണൻ | 764327539858 | 111670100921 | 142/21 Dt 22.11.21 | 6.11.21 | കർഷക തൊഴിലാളി പെൻഷൻ) | 1/22 വരെ | സസ്പെൻഡ് |
| പി.വി.കൃഷ്ണൻ | 453065548425 | 111670200359 | 150/21 Dt 7.12.21 | 27.11.21 | | 1/22വരെ | സസ്പെൻഡ് |
| പി.ഗോപാലൻ നമ്പ്യാർ | 201338233999 | 111670200095 | 146/21 Dt 2.12.21 | 12.11.21 | | 1/22 വരെ | സസ്പെൻഡ് |
| രുക്മിണി.വി | 901934771868 | 111670200656 | - | 18.11.21 | വാർധക്യകാല പെൻഷൻ | 1/22 വരെ | സസ്പെൻഡ് |
| അബ്ദുൾസലാം.വി | 847127231869 | 111670200509 | 156/21 Dt 18.12.21 | 26.11.21 | | 1/22 വരെ | സസ്പെൻഡ് |
| കെ.വി.ശാദുലി | 480323514173 | 111670201071 | 133/21 Dt 3.11.21 | 16.6.21 | | 1/22 വരെ | സസ്പെൻഡ് |
| എം.കെ. കുഞ്ഞിരാമൻ | 728014961041 | 111670100850 | 157/21 Dt 18.12.21 | 28.11.21 | കർഷക തൊഴിലാളി | 1/22വരെ | സസ്പെൻഡ് |

| | | | | | പെൻഷൻ | | |
|---|---|---|---|---|---|---|---|

മേൽ പരാമർശിച്ചവർക്ക് അധികം നൽകിയ തുക കണക്കാക്കി ആയത് തിരിച്ചടക്കേണ്ടതാണ്. പഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പു വരുത്തുന്നില്ല. പകരം മരണ രജിസ്റ്റർ വച്ച് പരിശോധിച്ചും, സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിതരണം ചെയ്യാത്ത പെൻഷൻ വിവരങ്ങളും ശേഖരിച്ച് അന്വേഷണത്തിന് ശേഷം റദ്ദ് ചെയ്തു വരുന്നുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (21/15.2.2023) മറുപടിനൽകിയത്. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതും, അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-7-2 സർവ്വീസ് /ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷപെൻഷൻ തിരിച്ചടക്കാത്തത്

പഞ്ചായത്ത് ഡയറക്ടറുടെ 4/3/2021 PAN/2566/2020-DBT1(DP)നം കത്ത് പ്രകാരം താഴെ പറയുന്ന, സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാളി ഗ്രാമ പഞ്ചായത്തിൽ സർവ്വീസ് പെൻഷൻ,ഫാമിലി പെൻഷൻ ലഭിക്കുന്ന 3 ഗുണഭോക്താക്കൾ അനർഹമായി തുക കൈപ്പറ്റിയിട്ടുണ്ട്. ഇതിൽ ഒരാൾ തുക തിരിച്ചടച്ചിട്ടുണ്ട്. ബാക്കിയുള്ള 2 പേരുടെ വിവരം താഴെ കൊടുക്കുന്നു.

| പേര് | പെൻഷണർ ഐഡി നം | പെൻഷൻ തരം |
|---|---|---|
| പി.പി.പാറു,പുറ്റട്ട്കണ്ടി ,കൊളപ്പ (പി ഒ) | 111670100808 | കർഷക തൊഴിലാളി പെൻഷൻ |
| കെ.എം.ദാക്ഷായണി, ചിറമ്മൽ ഹൗസ്,മുട്ടന്നൂർ (മരണപ്പെട്ടു ) | 111670400178 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം |

അനർഹമായി കൈപ്പറ്റിയ തുക, സാമൂഹ്യ സുരക്ഷപെൻഷൻ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-02-2023 തീയതിയിൽ 3.20 P.M-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹16059 (പതിനാറായിരത്തി അമ്പത്തി ഒൻപത് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർത്തിട്ടില്ല. ആകെ 3 യോഗം മാത്രമേ ഈകാലയളവിൽ കൂടിയിട്ടുള്ളൂ. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ്, I L G M S ,ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ മുതലായവ അവലോകനം ചെയ്തിട്ടുണ്ട്

വാണിജ്യ ആവശ്യത്തിനുള്ള 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ കെട്ടിടങ്ങൾക്ക് നിശ്ചയിച്ച നിരക്കും സഞ്ചയയിൽ രേഖപ്പെടുത്തി നികുതി ഈടാക്കി വരുന്ന നിരക്കും വ്യത്യസ്തമാണ്.അന്തിമ വിജ്ഞാപനപ്രകാരമുള്ള നിരക്കിൽ നിന്നും വ്യത്യസ്തമായാണ് നികുതി ഈടാക്കി വരുന്നത്

പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക നൽകുന്നുണ്ട്. ആയത് ഒഴിവാക്കാനായി പഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്.

## 1-10 ഗ്രാമസഭ

2022 ജനവരിയിൽ ആകെ ഒരു തവണ മാത്രമേ ഗ്രാമസഭായോഗം ചേർന്നിട്ടുള്ളൂ. ഗ്രാമസഭകളിൽ ക്വാറം തികഞ്ഞിട്ടുണ്ട്. 2021-22 ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, വാർഷിക പദ്ധതി അവലോകനം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23, ലേബർ ബജറ്റ് &ആക്ഷൻ പ്ലാൻഅംഗീകരിക്കൽ എന്നിവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ. ഗ്രാമസഭാ മിനുട്സുകൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനത്തിൽ നിന്നും വ്യത്യസ്തമായി വസ്തുനികുതി ഈടാക്കി വരുന്നു

കൂടാളി ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം (നം. എ2/5544/11 തി:01.11.2011) പ്രകാരം ഗ്രാമപഞ്ചായത്ത് താഴെപറയുന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടത്തിന് നിശ്ചയിച്ച നിരക്കും സഞ്ചയയിൽ രേഖപ്പെടുത്തി നികുതി ഈടാക്കി വരുന്ന നിരക്കും വ്യത്യസ്തമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ ഉപയോഗക്രമം | അന്തിമ വിജ്ഞാപന പ്രകാരം നിശ്ചയിച്ച നിരക്ക് (/ച.മീ.) | സഞ്ചയ പ്രകാരമുള്ള നിരക്ക്(/ച.മീ.) |
|---|---|---|---|
| 1 | വാണിജ്യ ആവശ്യത്തിനുള്ള 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 80 | 75 |

ഇപ്രകാരം അന്തിമ വിജ്ഞാപനപ്രകാരമുള്ള നിരക്കിൽ നിന്നും വ്യത്യസ്തമായി നികുതി ഈടാക്കി വരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/12.02.2023) ന് മറുപടിയായി മേൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് ഈടാക്കിവരുന്ന നികുതി നിരക്ക് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് ഭരണസമിതി യോഗമിനുട്സുകളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വ്യത്യസ്തമായി നികുതി ഈടാക്കുന്നതിലൂടെ പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്ത് തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-12 വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ വാസഗൃഹത്തെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 60 ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ /കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം ച.മീ |
|---|---|---|---|
| 1 | 16/379 | ആലക്കാട്ട് കേളു | 66.64 |
| 2 | 17/158 | പുത്തൻവളപ്പിൽ ശാരദ | 77 |

2. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഉപയോഗക്രമം നികുതി/ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളായി രേഖപ്പെടുത്തി അനുവദിച്ച താഴെപറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

| ക്രമ | വാർഡ് | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം |
|---|---|---|---|

| നമ്പർ | നമ്പർ/കെട്ടിട നമ്പർ | | ച.മീ |
|---|---|---|---|
| 1 | 2/399 | ചപ്പാരത്തിൽ കണ്ണൻ | 65.1 |
| 2 | 6/104 | കെ പി ശശി | 75.05 |
| 3 | 7/53 | മുതിരക്കാലിൽ മാധവി | 60 |
| 4 | 7/211 | പഴയടത്ത് രാഘവൻ | 64.2 |
| 5 | 7/242 | ബി അനൂപ് കുമാർ | 84.48 |
| 6 | 7/252 | പി സി ബാലകൃഷ്ണൻ | 82.08 |
| 7 | 7/465 | പുറവളപ്പിൽ കുഞ്ഞിരാമൻ | 65 |
| 8 | 10/150 | പി ഗോപാലൻ | 65.66 |
| 9 | 11/432 | വി.കാർത്ത്യായനി | 64 |
| 10 | 15/143 | പുല്ലാഞ്ഞിയോട്ട് രോഹിണി | 66 |
| 11 | 16/163 | കുഞ്ഞുംമ്പിട്ടക്ക ദാമോദരൻ നമ്പ്യാർ | 62.72 |
| 12 | 17/215 | ഏനാട്ട് കണ്ണൻ | 68.64 |
| 13 | 17/229 | പാറക്കണ്ടി ഗീത | 60.84 |

മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/14.02.2023) മറുപടിയായി മറുപടിയായി മേൽ കെട്ടിടങ്ങൾ നികുതി പരിഷ്കരണത്തിന് മുമ്പേ കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതും നികുതി ഒഴിവാക്കി വരുന്ന കെട്ടിടങ്ങളാണെന്നും 2000 സ്ക്വയർഫീറ്റിൽ താഴെയുള്ള പഴയ കെട്ടിടങ്ങൾക്ക് നികുതി വർദ്ധന ബാധകമല്ലാത്തതിനാലാണ് നികുതി ഒഴിവായതെന്നും അറിയിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തി മേൽ കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-13 വനിതാവ്യവസായ കേന്ദ്രത്തിലെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിർമ്മിച്ച വനിതാ വ്യവസായകേന്ദ്രത്തിലെ 5 മുറികൾക്ക് ഓഡിറ്റ് വർഷം (30.06.2021 ) കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ട്(5/362 A,B,C,D,E). ടി മുറികൾ വാടകയ്ക്ക് നൽകുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചും മേൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകൃത ബൈലോ *തയ്യാറാക്കാത്തത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/*17.02.2022) മറുപടിയായി പഞ്ചായത്തിന്റെ എം.സി എഫ് കെട്ടിടം പണി പൂർത്തീകരിക്കാത്തതിനാൽ വനിതാവ്യവസായ കേന്ദ്രത്തിന്റെ മുറികൾ താൽക്കാലികകമായി എം.സി എഫ് ആയി ഉപയോഗിച്ച് വരികയാണെന്നും എം.സി എഫ് കെട്ടിടം ഉപയോഗയോഗ്യമാകുന്ന മുറയ്ക്ക് വ്യവസായ കേന്ദ്രത്തിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വനിതാവ്യവസായ കേന്ദ്രം കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി അറിയിക്കേണ്ടതാണ്.

## 1-14 റദ്ദാക്കിയ രസീതിലെ തുക സഞ്ചയയിൽ വരവ് രേഖപ്പെടുത്തി

സാംഖ്യ സോഫ്റ്റ്‌വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റ്, ഡേ ബുക്ക് എന്നിവ പരിശോധിച്ചതിൽ പ്രകാരം രസീത് റദ്ദാക്കിയിട്ടുണ്ടെങ്കിലും തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ വരവ് വെച്ചതായി കാണുന്നു.

| ക്രമ നമ്പർ | വർഷം | റദ്ദാക്കിയ രസീത് നം/തീയതി | വാർഡ് നം/കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ നികുതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2021-22 | 121010105714/05.01.2022 | 4/311 | ഖദീജ | 172 |
| 2 | 2021-22 | 121010108238/07.03.2022 | 17/383 | അബ്ദുൾ ജലീൽ | 36 |

മേൽ കെട്ടിട ഉടമകളിൽ നിന്നും 2021-22 വർഷം വസ്തുനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/15.02.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിട ഉടമകളിൽ നിന്നും 2021-22 വർഷം വസ്തുനികുതി ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 പുതുക്കിയ സർക്കാർ നിർദ്ദേശം വരുന്നതിനു മുമ്പ് ആർജിതാവധി സറണ്ടർ അനുവദിച്ചത്

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ സെക്രട്ടറി ഉൾപ്പെടെയുള്ള റഗുലർ ജീവനക്കാർക്ക് 2021- 2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് / തസ്തിക | വൗച്ചർ നം. & തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | സൗമ്യ ഫ്രാൻസിസ് ജൂനിയർ സൂപ്രണ്ട് | 22100164/7.6.2021 | ₹59829 |
| 2 | സുജിത്ത് വി കെ സീനിയർ ക്ലർക്ക് | | ₹49395 |
| 3 | സ്മിത എം പി സീനിയർ ക്ലർക്ക് | | ₹42513 |
| 4 | സുമേഷ് സീനിയർ ക്ലർക്ക് | | ₹42513 |
| 5 | വിനോദൻ കെ പി ക്ലർക്ക് | | ₹41514 |
| 6 | അതുൽ സി എം സീനിയർ ക്ലർക്ക് | | ₹33633 |
| 7 | അഭിലാഷ് പി ക്ലർക്ക് | | ₹31909 |
| 8 | ഷമീന എ കെ ക്ലർക്ക് | | ₹30304 |
| 9 | ദിവ്യ എം വി | | ₹30304 |

| | | | |
|---|---|---|---|
| | ക്ലർക്ക് | | |
| 10 | രാജൻ കെ<br>സെക്രട്ടറി | 22100164/7.6.2021 | 83694 |
| 11 | ദിനേശൻ<br>പാറയിൽ<br>അസിസ്റ്റന്റ്<br>സെക്രട്ടറി | 22100245/2.7.2021 | 69042 |
| | ആകെ | | 514650 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനു ശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31.12.2022 തീയതി വരെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/17.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് തുടർ സർക്കാർ ഉത്തരവുകൾ അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഡഫേർഡ് സാലറി, ഡി എ അരിയർ എന്നിവയിൽ നിന്നും എൻ.പി.എസ് വിഹിതം ഈടാക്കിയില്ല

1.ഡഫേർഡ് സാലറി

വൗച്ചർ നമ്പർ തീയതി തുക - 22100018/05-05-2021 ₹103536,

22100142/01-06-2021 ₹427356

സർക്കുലർ നമ്പർ 71/2021/ധന തീയതി 03-09-2021 പ്രകാരം ഡഫേർഡ് സാലറി തിരികെ നൽകുമ്പോൾ ജീവനക്കാർ 2020 മാർച്ച് മാസം എത്രയായിരുന്നു എൻ. പി .എസ് കോൺട്രിബ്യൂഷൻ അടവാക്കിയിരുന്നത് പ്രസ്തുത തുക തന്നെ ഡഫേർഡ് സാലറിയുടെ അവസാന ഗഡുവിൽ നിന്ന് കുറവ് ചെയ്തു തുല്യമായ സർക്കാർ വിഹിതവും ചേർത്ത് പ്രാൺ അക്കൗണ്ടിൽ നൽകിയശേഷം ബാക്കി തുക ജീവനക്കാർക്ക് നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ വൗച്ചറുകൾ പ്രകാരം ഡഫേർഡ് സാലറി അനുവദിച്ച ജീവനക്കാരിൽ 4 എൻ. പി .എസിൽ ഉൾപ്പെട്ട ജീവനക്കാരും ഉൾപ്പെട്ടിരുന്നു. ഇതിൽ 3 ജീവനക്കാരുടെ എൻ. പി .എസ് വിഹിതം വൗച്ചർ നമ്പർ 22100515/5.10.2021 പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ സ്മിത എൻ. പി , സീനിയർ ക്ലർക്കിന്റെ എൻ. പി. എസ് വിഹിതം ഈടാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/17.02.2023) മറുപടിയായി ടി ജീവനക്കാരി 13.09.2021 FN ന് പഞ്ചായത്തിൽ നിന്നും സ്ഥലം മാറിപ്പോയതാണെന്നും ആയതിനാൽ കൂടാളി പഞ്ചായത്തിൽ നിന്നും മേൽ ജീവനക്കാരിയുടെ എൻ. പി .എസ് വിഹിതം ഒടുക്കാൻ സാധിച്ചില്ലെന്നും അറിയിച്ചിട്ടുണ്ട്. ടി ജീവനക്കാരിയുടെ ഡഫേർഡ് സാലറിയിൽ നിന്നും എൻ.പി.എസ് വിഹിതം ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/17.02.2023) 13.09.2021 - ന് ജീവനക്കാരി വിടുതൽ ചെയ്തതിനാൽ എൻ.പി.എസ്. വിഹിതം ഈടാക്കാൻ സാധിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയത്. എൻ.പി.എസ്. വിഹിതം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 സുഭിക്ഷ കേരളം-ഇടവിളക്കിറ്റ് വിതരണം പ്രോജക്ട് - അപാകങ്ങൾ ₹132818 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 99/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സുഭിക്ഷ കേരളം-ഇടവിളക്കിറ്റ് വിതരണം |
| അടങ്കൽ | ₹132818 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക ,ബിൽ നം/തീയതി | ₹ 132818 ബിൽ 260/23.02.2022 |

പഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 477 ഗുണഭോക്താക്കൾക്ക് ഇഞ്ചി, മഞ്ഞൾ, ചേമ്പ് എന്നിവ അടങ്ങിയ കിറ്റ് വിതരണം ചെയ്യുന്നതിനാണ് മേൽ പ്രോജക്റ്റ്. ഇതിനായി കേരള കാർഷിക വികസന കർഷകക്ഷേമവകുപ്പിന്റെ ജൈവം കീഴല്ലൂർ ഇക്കോഷോപ്പിൽ നിന്നും ഒരു കിറ്റിന് 278.5 രൂപ നിരക്കിൽ ₹ 132818 ചെലവഴിച്ച് 477 കിറ്റുകൾ വാങ്ങി (ബിൽ നം 3970 തീയതി 21.02.2022) വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഒരു കിറ്റിൽ ഓരോ വിളകളും എത്ര അളവിൽ ഉൾപ്പെട്ടിട്ടുണ്ടെന്നത് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. ബില്ലിലും കിറ്റിന്റെ വില മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ തന്നെ കിറ്റിന്റെ വില കണക്കാക്കിയത് എപ്രകാരണമാണെന്നത് വ്യക്തമല്ല.

കിറ്റിൽ ഉൾപ്പെട്ടിട്ടുള്ള വിളകളുടെ അളവ്, വില കണക്കാക്കിയതിന്റെ വിവരം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/17.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അപാകതകളുടെയും മറുപടി ലഭ്യമാക്കാത്തതിന്റെയും അടിസ്ഥാനത്തിൽ ₹132818 തടസ്സപ്പെടുത്തുന്നു.

## 1-18 നെൽകൃഷി വിത്ത് കുമ്മായം കൂലിച്ചെലവ് പ്രോജക്റ്റ് - കുമ്മായം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല- ₹202500 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 106/22 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷി വിത്ത് കുമ്മായം കൂലിച്ചെലവ് |
| അടങ്കൽ<br>ആകെ | ₹ 551252വികസന ഫണ്ട് പൊതുവിഭാഗം<br>₹5000 തനത് ഫണ്ട്<br>₹255000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹67500 മറ്റുള്ളവ<br>₹878752 |
| ചെലവ് തുക<br>ആകെ | ₹ 551252 വികസന ഫണ്ട്<br>₹137657 ബ്ലോക്ക് പഞ്ചായത്ത്<br>₹688909 |

35 ഹെക്ടർ നെൽകൃഷിക്ക് വിത്ത്, കുമ്മായം, കൂലിച്ചെലവ് എന്നിവ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്റ്റ്. ഇതിൽ കുമ്മായത്തിന്റെ സബ്സിഡി തുകയായ ₹2,02,500 (ബിൽ നം-167/11/1/2022- വികസന ഫണ്ട് ) രൂപ കൂടാളി സർവ്വീസ് സഹകരണ ബേങ്കിനും (89,325 രൂപ), പട്ടുവം സർവ്വീസ് സഹകരണ ബേങ്കി (1,13,175രൂപ) നുമാണ് നൽകിയിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾക്ക് കുമ്മായം ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഇപ്രകാരം സബ്സിഡി തുക ബേങ്കിന് കൈമാറിയത് സംബന്ധിച്ചും കുമ്മായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/17.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ കുമ്മായത്തിന് അനുവദിച്ച സബ്സിഡി തുകയായ ₹202500 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 മുട്ടക്കോഴി വിതരണം, വനിതാ ഗ്രൂപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ചെലവ് തുക ₹ 300000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 39/22, മുട്ടക്കോഴി വിതരണം, വനിതാ ഗ്രൂപ്പ് |
| അടങ്കൽ ₹ 300000 | ₹ 1,50,000 വികസനഫണ്ട് പൊതുവിഭാഗം<br>₹ 1,50,000 മറ്റുള്ളവ |
| ചെലവ് ₹ 300000 | ₹ 150000വൗച്ചർ നമ്പർ 22100915, 10-2-2022<br>₹150000ബിൽ നമ്പർ 21220252009501031940, 29-01-2022 |

ഒരു ഗ്രൂപ്പിൽ 5 പേർ വീതം 100 ഗ്രൂപ്പുകൾക്ക് 2500മുട്ടക്കോഴികളെ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. റീജിയണൽ പൗൾട്രി ഫാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ലഭ്യമാക്കിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സമൃദ്ധി എഗ്ഗർ നഴ്സറി, അരിപ്പാമ്പ്ര, പരിയാരം, സജ്ജു എഗ്ഗർ നഴ്സറി, മാങ്കടവ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. വൗച്ചർ നമ്പർ 22100915, 10-2-2022 പ്രകാരമുള്ള ₹ 150000 സമൃദ്ധി എഗ്ഗർ നഴ്സറി ഉടമ ശ്രീമതി. ബി ഷഹ്സാദിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ സീൽ പതിച്ച രേഖപ്പെടുത്തലുകളില്ലാത്ത രണ്ടു ബില്ലുകളും ഒരു കൈപ്പറ്റ് രശീതും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എത്ര കോഴിക്കുഞ്ഞുങ്ങളെയാണ് വാങ്ങിയതെന്നും ശ്രീമതി. ബി ഷഹ്സാദി എത്ര തുകയാണ് കൈപ്പറ്റിയതെന്നും വ്യക്തമല്ല.

2. ബിൽ നമ്പർ 21220252009501031940 പ്രകാരമുള്ള ₹150000 ശ്രീമതി സാജിത എം ന്റെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ഇവരിൽ നിന്നും 1250 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ട് (ബിൽ നമ്പർ 166, 25-1-22). ടിയാരി തുക കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല (രേഖപ്പെടുത്തലുകളില്ലാത്ത ഒരു ബില്ലും - ബിൽ നമ്പർ 167, സ്ഥാപനത്തിന്റെ പേരിലുള്ള 3 ലെറ്റർ പാഡുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

അപാകങ്ങൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുമെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/15-2-23) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ചെലവ് തുക ₹ 300000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പ്രത്യേക കന്നുകുട്ടി പരിപാലനം - പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 23/22, പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ ₹1250000 | ₹ 3,12,500 വികസനഫണ്ട് പൊതുവിഭാഗം<br>₹ 3,12,500 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹ 6,25,000 മറ്റുള്ളവ |
| ചെലവ് | ₹ 3,12,500 വികസനഫണ്ട്<br>ബിൽ നമ്പർ 21220252009500646616 , 12-11-2021 |

4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് പോഷക സമ്പുഷ്ടമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 50 ഗുണഭോക്താക്കൾക്ക് കുടാളി ക്ഷീരസഹകരണ സംഘത്തിൽ നിന്നുമാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പ്രോജക്ടുമായി ബന്ധപ്പെട്ട് ₹ 3,12,500 പിൻവലിച്ച് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീതും മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ടും ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേണത്തിന് കൈപ്പറ്റ് രശീതി ലഭിച്ചത് നഷ്ടപ്പെട്ടു പോയതാണെന്നും കൈപ്പറ്റ് രശീതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയും പുരോഗതി റിപ്പോർട്ടും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട് (20/15-2-23). രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ- രേഖകൾ ലഭ്യമാക്കിയില്ല - ₹ 43306 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 241/22 ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ | ₹200000 തനത് ഫണ്ട് |
| ചെലവ് | ₹ 43306, ബിൽ നമ്പർ 389, തീയതി 30-3-22 -ACR പ്രകാരം |

കൂടാളി ഗ്രാമ പഞ്ചായത്തിലെ പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ ക്ലീൻ കേരള കമ്പനിയുടെ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 33622776812) ₹ 43306 നൽകിയിട്ടുണ്ട്. എന്നാൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറിയ അജൈവ മാലിന്യത്തിന്റെ അളവ്, കമ്പനി തുക കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/15-2-23) രശീതി ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. മതിയായ രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ചെലവ് തുക 43306 തടസ്സപ്പെടുത്തുന്നു.

## 1-22 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 3/22 ഐ കെ എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹76523 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹ 76523 ബിൽ നമ്പർ : 21220252000300406976, 14-9-2021 |

മേൽ പ്രൊജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹ 76523 നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/15-2-23) 2019-20 വരെയുള്ള വിനിയോഗ സാക്ഷ്യപത്രം മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും തൻവർഷത്തെ വിനിയോഗ വിവരത്തിന് 13-2-23 ന് ഐ കെ എം ന് കത്ത് നൽകിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 ബങ്കണപ്പറമ്പ് ഗ്രാമ പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിലേക്ക് റോഡിന് സ്ഥലമേറ്റെടുക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 117/22 ബങ്കണപ്പറമ്പ് ഗ്രാമ പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിലേക്ക് റോഡിന് സ്ഥലമേറ്റെടുക്കൽ |
| അടങ്കൽ | ₹ 3000000 തനത് ഫണ്ട് |
| ചെലവ് ₹2139689` | ₹ 4,88,955 വൗച്ചർ നമ്പർ : 22100445, 7-9-2021<br>₹16,50,734 വൗച്ചർ നമ്പർ : 22101214, 27-3-2022 |

1997-98 ജനകീയാസൂത്രണ പദ്ധതി കാലയളവിൽ ആരംഭിച്ചതും 2002-03 കാലയളവിൽ നിർമ്മിച്ചതുമായ ബങ്കണപ്പറമ്പ് വ്യവസായ പാർക്ക് നിർമ്മിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്താനോ റോഡ് നിർമ്മിക്കുന്നതിനോ കഴിഞ്ഞിരുന്നില്ല. വ്യവസായ പാർക്കിൽ എത്തിച്ചേരാനുള്ള റോഡ് സൗകര്യത്തിന്റെ അഭാവം സംരംഭകരെ നിരുത്സാഹപെടുത്തുന്നതിനാൽ പാർക്ക് പ്രയോജനപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തിന് നാളിതുവരെയായി സാധിച്ചിട്ടില്ല. സ.ഉ(സാധാ) നം. 1514/18 ത.സ്വ.ഭ.വ തീയതി 2-6-2018 പ്രകാരം 2013 ലെ എൽ. എ. ആക്ട് അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി പഞ്ചായത്തിന് ലഭിക്കുകയും സ്ഥലം ഏറ്റെടുക്കാൻ ആനുഷംഗിക ചെലവിനത്തിൽ (Incidental Expenses) ₹3,50,000 മുൻവർഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് RFCTLARR Act 2013, സെക്ഷൻ 19(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനു മുൻപായി മതിപ്പുവിലയായി കണക്കാക്കിയ ₹4,88,955 ഒടുക്കുവാൻ 22-7-21 ലെ കെ.2165/18 നമ്പർ കത്ത് പ്രകാരവും നഷ്ടപരിഹാരതുക ഇനത്തിൽ ₹16,50,734 അധികതുക ലഭ്യമാക്കുന്നതിനായി 14-2-22 ലെ കെ.2165/18 നമ്പർ കത്ത് പ്രകാരവും തലശ്ശേരി സ്പെഷൽ തഹസിൽദാർ(എൽ എ) ആവശ്യപ്പെട്ടതനുസരിച്ച് തൻവർഷം മേൽ വൗച്ചറുകളിൽ ₹21,39,689` ചെലവഴിച്ചിട്ടുണ്ട്. തുക ഒടുക്കിയതിന്റെ കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും അനുവദിക്കുന്നതിനായി സെക്രട്ടറി 30-3-22 ന് സ്പെഷൽ തഹസിൽദാർക്ക് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ (ലെറ്റർ നമ്പർ എ- 6755/20) സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ നിന്നും 2022 ഫിബ്രവരി മാസം കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട് (ലെറ്റർ നമ്പർ കെ.2165/18 തീയതി ഇല്ല). ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| അനുവദിച്ച തുക | വിനിയോഗിച്ച തുക ₹ | | ബാക്കി തുക |
|---|---|---|---|
| 2020-21 ₹350000 | വിദഗ്ധ സമിതി | 36000 | |
| 2021-22 ₹ 488955 + ₹1650734 | സർവ്വേ ചാർജ്ജ് | 16380 | |
| | സാമൂഹ്യാഘാത പഠനം (കൈറോസ് കണ്ണൂർ) | 25029 | |
| | ഇൻകം ടാക്സ് | 3476 | |
| | ജി എസ് ടി | 6257 | |
| | പത്രപരസ്യം | 104066 | |
| ആകെ ₹2489689 | | 191208 | 2298481 |

നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിലേക്കായി അവാർഡ് നടപടികൾ പുരോഗമിച്ച വരുന്നതായും ആയത് വിതരണം ചെയ്യുന്ന മുറയ്ക്ക് പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണെന്നും മേൽ കത്തിൽ തഹസിൽദാർ അറിയിച്ചിരുന്നു. പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ഇതിനോടകം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും വ്യവസായ പാർക്കിലേക്കുള്ള റോഡ് നിർമ്മാണം ആരംഭിച്ചതിന്റെ/പൂർത്തിയായതിന്റെ തൽസ്ഥിതി വിവരവും സ്ഥലത്തിന്റെ ആധാരവും ഭൂനികുതി ഒടുക്കിയതിന്റെ വിവരവും ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/15-2-23) പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ഇതുവരെയായി ലഭ്യമായിട്ടില്ല എന്നും റോഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും ഏറ്റെടുത്ത സ്ഥലത്തിന് മഹസ്സറും സ്കെച്ചും മാത്രമേ ഉണ്ടാവുകയുള്ളൂവെന്നും അറിയിച്ചിട്ടുണ്ടെന്നും ഭൂനികുതി അടവാക്കുന്നതിന് കുടാളി വില്ലേജ് ഓഫീസർക്ക് 15-2-23 ന് കത്തയച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 2298481/- രൂപയുടെ വിനിയോഗ വിവരവും സ്ഥലത്തിന് ഭൂനികുതി ഒടുക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-24 ബങ്കണപ്പറമ്പ് കുടിവെള്ള പദ്ധതി - ഹാൻഡ് പൈപ്പ് മാറ്റി മോട്ടോർ സ്ഥാപിക്കൽ

-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 242/22 ബങ്കണപ്പറമ്പ് കുടിവെള്ള പദ്ധതി - ഹാൻഡ് പൈപ്പ് മാറ്റി മോട്ടോർ സ്ഥാപിക്കൽ |
| അടങ്കൽ ₹100000 | ₹68017 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹31983 തനത് ഫണ്ട് |
| ചെലവ് | ₹ 11883 ബിൽ നമ്പർ : 2122025200030133 6417, 15-3-2022 |

കുഴൽകിണറിന്റെ കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന നിലവിലുള്ള ഹാൻഡ് പൈപ്പ് മാറ്റി ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ മോട്ടോർ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ടിൽ ഭൂജല വകുപ്പ് കണ്ണൂർ ഓഫീസിലെ 9-3-22 ലെ GW/KNR/548/2022 നമ്പർ എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുക ₹ 11883 ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/15-2-23) പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ഭൂജല വകുപ്പിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 നരിപ്പോട്ടുക്കരി കുടിവെള്ള പദ്ധതി - പൈപ്പ്ലൈൻ നീട്ടൽ -₹440376 ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 123/22 നരിപ്പോട്ടുക്കരി കുടിവെള്ള പദ്ധതി (സ്പിൽ ഓവർ) |
| അടങ്കൽ ₹1010000 | ₹10000 തനത് ഫണ്ട്<br>₹1000000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹ 830000 ജില്ലാ പഞ്ചായത്ത് വിഹിതം<br>വൗച്ചർ നമ്പർ : 22100178, 9-6-2021 |

2020-21 വർഷം തയ്യാറാക്കിയ പ്രോജക്ടിൽ ആ വർഷം ചെലവില്ലാത്തതിനാൽ 2021-22 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ നരിപ്പോട്ടുക്കരി റോഡിൽ പൈപ്പ്ലൈൻ നീട്ടൽ പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, WS ഡിവിഷൻ, കണ്ണൂർ തയ്യാറാക്കിയ 26-3-21 ലെ D2-561/2021 നമ്പർ എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുക ₹ 830000 എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ് ബി ഐ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 67153474559) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/15-2-23) 389624/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്നും ബാക്കി തുക 440376/- 1220105383/G131005, 5-1-2023 നമ്പർ രശീതി പ്രകാരം തിരികെ ഒടുക്കിയിട്ടുണ്ടെന്നും ആയത് ജില്ലാ പഞ്ചായത്ത് വിഹിതമായതിനാൽ തുക തിരിച്ചടക്കുന്നതിന് അക്കൗണ്ട് ഹെഡ് അനുവദിക്കുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ₹440376/- ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 വയോജനവിശ്രമകേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ-ടെണ്ടർ ബിലോ കുറക്കാത്തത് ₹25,174 നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | വയോജനവിശ്രമകേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ-90/22 |
| അടങ്കൽ | 2,00,000(വികസന ഫണ്ട് -പൊതു വിഭാഗം-ജനറൽ) |
| ചെലവ്,ബിൽ നം &തീയതി | ₹1,89,283- 2122052009301500580/Dt 27.3.2022 |
| കരാറുകാരൻ | ശ്രീ.ആർ.രാമചന്ദ്രൻ |

| | |
|---|---|
| കരാർ തുക | 1,65,525 |
| ടെണ്ടർ ബിലോ | 13.3%കുറവ് |
| പ്രവൃത്തി മൂല്യം | 1,69,003 |
| അഗ്രിമെന്റ് നമ്പർ | AE/LSGD/KDLY/41/21-22 Dt 15.12.2021 |
| എം ബുക്ക് | 41/21-22 |

പദ്ധതി നിർവഹണത്തിലെ അപാകം താഴെ പറയുന്നു

വയോജന വിശ്രമകേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ പ്രവൃത്തിയ്ക്ക് ,പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ ബിലോ 13.3% കുറക്കാത്തതിനാൽ ₹25,174 അധികമായി വികസന ഫണ്ട് -പൊതു വിഭാഗം-ജനറലിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

അധിക തുക നൽകിയത് സംബന്ധിച്ച് വിശദവിവരം താഴെ കൊടുക്കുന്നു

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| പ്രവൃത്തി മൂല്യം | 1,69,003 | 1,69,003 | 0 |
| ടെണ്ടർ ബിലോ കുറയ്ക്കേണ്ടത്-13.3% | 0 | 22,477 | 22,477 |
| +ജി എസ് ടി | 20,280.36 | 17,583.12 | 2697.24 |
| ആകെ | 1,89,283.00 | 1,64,109.12 | 25174 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.2.23) അധികമായി ചെലഴിച്ച ₹25,174 കരാറുകാരനോട് തിരിച്ചടക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും, തുക തിരിച്ചടച്ച് രശീതി ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയട്ടുണ്ട്. തുക ഉത്തരവാദപ്പെട്ടവരിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിൽ ഒടുക്കേണ്ടതാണ് .

## 1-27 കാലി ബാരൽ വിലയും, ജി എസ് ടിയും ഈടാക്കാത്തത്-കാലി ബാരൽ വില ₹3089 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്&നം | അഞ്ചാം പീടിക പൂഴിക്കടവ് റോഡ് റീടാറിംഗ് 73/22 |
| അടങ്കൽ | 2,50,000(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം )<br>50,000(തനത് ഫണ്ട് ) |
| ചെലവ്, ബിൽ നം &തീയതി | 2,50,000- 2122052009301500654/Dt 27.3.2022<br>49,655-Dt 27.3.2022 (ചെക്ക് നമ്പർ ലഭ്യമായിട്ടില്ല) |
| കരാറുകാരൻ | ശ്രീ.സി.പി.ജലീൽ |
| അഗ്രിമെന്റ് നമ്പർ | AE/LSGD/KDLY/28/21-22 Dt 24.8.2021 |
| എം ബുക്ക് | 28/21-22 |

പദ്ധതി നിർവഹണത്തിലെ അപാകം താഴെ പറയുന്നു

പ്രവൃത്തിയ്ക്ക് വേണ്ടി താഴെ പറയും പ്രകാരം 11 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. SS1-255kgRS1-96 Kg, VG30-759.6kgഎന്നാൽ കാലി ബാരൽ വിലയും, ജി എസ് ടിയും ഈടാക്കിയിട്ടില്ല ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 22/15.2.2023 തുക കരാറുകാരനിൽ നിന്നും ഈടാക്കി രശീതി ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കാലി ബാരലിന്റെ വിലയും ജി.എസ്.ടി-യും ഈടാക്കാത്തതിനാൽ 3089/- രൂപ (₹2618+471)

നിരാകരിക്കുന്നു. ₹3089 ഈടാക്കി അതാത്ഫണ്ട്/വകുപ്പിലേക്ക് ഒടുക്കേണ്ടതാണ്

## 1-28 കാലിബാരൽ വിലയും ,ജി എസ് ടിയും അതാത് ഫണ്ടിൽ /വകുപ്പിലേയ്ക്ക് ഒടുക്കാത്തത്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ കാലിബാരൽ വിലയും, ജി എസ് ടിയും സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലാണ് (799013000000321) ക്രഡിറ്റ് ചെയ്തിട്ടുള്ളത്. സർക്കുലർ 59827/FM/07/ത സ്വ ഭവ 30.10.2007 പ്രകാരം ടാർവീപ്പ് വിറ്റ് കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങുന്നത് ആ ഫണ്ടിൽ തന്നെ തിരിച്ചടക്കണമെന്ന് ഉത്തരവായിട്ടുണ്ട്. കൂടാതെ ബിൽ സമ്പ്രദായം ജി ഒ (പി)177/2006 ധന 12.4.2006 ഖ-13.1ൽ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ്, ചെയ്ത തുകകൾ അതാത് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജി എസ് ടിയും അതാത് വകുപ്പിലേയ്ക്ക് ഒടുക്കേണ്ടതാണ്. ഇവ ഇപ്രകാരം ഒടുക്കിയിട്ടുണ്ടോ എന്ന് ഓഡിറ്റ് അന്വേഷണത്തിന് (1/7.2.23) ഇവ ഒടുക്കിയിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. തുക തനത് ഫണ്ടിൽ/വകുപ്പിലേക്ക് ഒടുക്കേണ്ടതാണ്.

## 1-29 ലൈബ്രറികളോടനുബന്ധിച്ച് പൊതു ശൗചാലയം -സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്&നം | പാണലാട്ട് ലൈബ്രറിയിൽ പൊതു ടോയ് ലറ്റ് നിർമ്മാണം - 211/22 |
| അടങ്കൽ | 1,20,000(കേന്ദ്രാവിഷ്കൃത ഫണ്ട് )<br>20,000(മറ്റുള്ളവ)<br>60,000(തനത് ഫണ്ട് ) |
| ചെലവ്, ബിൽ നം &തീയതി | 36,000(കേന്ദ്രാവിഷ്കൃത ഫണ്ട് ) P F MS |
| എഗ്രിമെന്റ് നമ്പർ | AE/LSGD/KDLY/24/21-22 Dt 24.8.2021 |
| എം ബുക്ക് | 24/21-22 |

പാണലാട്ട് ലൈബ്രറിയിൽ പൊതു ടോയ് ലറ്റ് നിർമ്മാണത്തിനായി മുൻകൂറായി 36,000 ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകിയിട്ടുണ്ട്.പദ്ധതി നിർവഹണത്തിലെ അപാകം താഴെ പറയുന്നു

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതു ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അധിക വ്യവസ്ഥകൾ സർക്കാർ ഉത്തരവ് (ആർ ടി )15/2021/ ത സ്വ ഭ വ തീയതി 4.1.2021 ൽ പരാമർശിച്ചിട്ടുണ്ട്. ഇത് പ്രകാരം ഈ പദ്ധതിയിൽ പണിയുന്ന പൊതു ശൗചാലയങ്ങൾ പൊതു ജനങ്ങൾക്ക് കൂടി ഉപയോഗിക്കാൻ അനുവദിക്കാമെന്ന സമ്മതപത്രം ലൈബ്രറി ഭാരവാഹികൾ അതാത് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകണം ,പദ്ധതി നിർവ്വഹണം ശുചിത്വ മിഷൻ ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാരുടെ മേൽനോട്ടത്തിൽകൂടി നടത്തേണ്ടതാണ്. ഇത് സംബന്ധിച്ച് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/16.2.2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ രേഖകൾ ഹാജരാക്കേണ്ടതാണ്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്

## 1-30 അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യാത്തത്

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| പ്രോജക്ട്&നം | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ-128/22<br>(സ്പിൽ ഓവർ) | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ-83/22 |

| | | |
|---|---|---|
| അടങ്കൽ | 52,000(തനത് ഫണ്ട് ) | 50,000 (തനത് ഫണ്ട് ) 2,50,000 (റോഡിതരം ) |
| ചെലവ് | 46,000 | 2,34,000 |
| കരാറുകാരന്റെ പേര് | ശ്രീ.ഇ.കെ.രാമകൃഷ്ണൻ | |

അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ പദ്ധതിയ്ക്കായി ശ്രീ.ഇ.കെ.രാമകൃഷ്ണന്റെ ക്വട്ടേഷൻ @ 26,000/120km അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷം 2,34,000 യും (2020-21 വർഷം @ 23,000 പ്രകാരം ₹46,000യും സ്പിൽ ഓവർ ഉൾപ്പെടെ) വാടക ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് 1 ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/14.2.2023) നികുതി ഒടുക്കിയ രശീതി ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അനുബന്ധ രേഖകൾ സഹിതം മറുപടി നൽകി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-31 മരാമത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ മരാമത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു

1-2021-22വർഷം 94പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും 75 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത് . തനത് ഫണ്ട് ഉൾപ്പെടെ 5,00,000ൽ താഴെ അടങ്കൽ വച്ചാണ് ഭൂരിഭാഗം പദ്ധതികളും തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കിയത് .

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ ഉ (കൈ) നം 11/2018/ത സ്വ ഭ വ തീയതി 29.1.2021 ഖ 2-3ൽ പദ്ധതി തയ്യാറാക്കുമ്പോഴുള്ള വ്യവസ്ഥകൾ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. ഖ-2-3-7ൽ ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും ,വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്നും ,ഖ-6-6ൽഅടിസ്ഥാന സേവനങ്ങൾക്കുള്ള പദ്ധതികളായ കുടിവെള്ളപ്രോജക്ടുകൾ,ശുചിത്വം,വിവിധ റോഡുകളുടെയും ആസ്തികളുടേയും നിർമ്മാണം അറ്റകുറ്റപ്പണികൾ മുതലായ എല്ലാ സേവന ഘടക പ്രോജക്ടുകളുംഒരു വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് പകരം ഏറ്റെടുക്കുന്ന സേവന ഘടകം സമ്പൂർണ്ണതയിൽ എത്തിച്ചതിന് ശേഷം അടുത്ത ഘട്ട പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതായിരിക്കും അഭികാമ്യമെന്ന് പരാമർശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

2-മുകളിൽ പരാമർശിച്ചത് പോലെ മിക്ക പ്രവൃത്തികളും തനത് ഫണ്ട് ഉൾപ്പെടെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തനത് ഫണ്ട് മുഖേന മാറുന്ന തുകയുടെ ചെക്ക് പകർപ്പ് ഫയലുകളിൽ സൂക്ഷിക്കുന്നില്ല. ഉദാ- പ്രോജക്ട് നം 161/22മൂലക്കരി-ചിത്രാരി റോഡ് റീടാറിംഗ് പ്രവൃത്തിയ്ക്ക് നൽകിയ ₹ 19,373 ചെക്കിന്റെ വിവരം ലഭിച്ചിട്ടില്ല . ഒറ്റ ചെക്കിലൂടെ വിവിധ പദ്ധതികൾക്ക് തുക നൽകുന്നുണ്ട് കൂടാതെ കരാറുകാരുടെ ബാങ്ക് അക്കൗണ്ട് പകർപ്പും ഫയലിൽ വച്ചിട്ടില്ല .

3-കരാറുകാർ സമർപ്പിക്കുന്ന ടെണ്ടറിൽ തിരുത്തലുകൾ വരുമ്പോൾ, തിരുത്തലുകൾ കരാറുകാർ സാക്ഷ്യപ്പെടുത്തുന്നില്ല. ടെണ്ടറിൽ എന്തെങ്കിലും തിരുത്തൽ ഉള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 10-8). ഓരോ ടെണ്ടറിലും അത് നൽകിയിട്ടുള്ള ആൾ വരുത്തിയതും സാക്ഷ്യപ്പെടുത്തിയതുമായ തിരുത്തലിന് നേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമ നമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് രേഖപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകളുടെ വിവരം ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ഉദാ-1) പട്ടാന്നൂർ നാലുമുക്ക് -ചുഴലി ഭഗവതി ക്ഷേത്രം ശ്മശാനം റോഡ് കോൺക്രീറ്റിംഗ്(പ്രോജക്ട്നം-162/22)കരാറുകാരായ ശ്രീ.ആർ.രാമചന്ദ്രൻ,ശ്രീ.കെ.പി .മൊയ്തുട്ടി എന്നിവർ ക്വാട്ട് ചെയ്ത നിരക്ക് യഥാക്രമം 13.3%,13.2% ബിലോ എന്നതിൽ തിരുത്ത് / ഓവർ റൈറ്റിംഗ് ഉണ്ട്.

2)ജനകീയ ഹോട്ടലിന് അടിസ്ഥാന സൗകര്യം ഒരുക്കൽ (190/22-)കരാറുകാരനായ ശ്രീ.പ്രിയേഷ് ക്വാട്ട് ചെയ്ത 13.3%ബിലോയിലും ഓവർ റൈറ്റിംഗ് ഉണ്ട് .എന്നാൽ ഇവ കരാറുകാരോ,അസിസ്റ്റന്റ് എഞ്ചിനീയറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല

4-വി മിക്ക പ്രവൃത്തികളുടെയും കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല

5-വിവിധ പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്തവയിൽ പുനരുപയോഗ സാധ്യതയുള്ള ഇനങ്ങളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയോ ആയത് ലേലം ചെയ്യാനുള്ള നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല .ഉദാ-ജനകീയ ഹോട്ടൽ അധിക സൗകര്യമൊരുക്കൽ

6-പ്രോജക്ട് രജിസ്റ്ററും ,TR-7(A)ക്യാഷ് ബുക്കും സൂക്ഷിക്കുന്നില്ല

അപാകങ്ങൾ പരിഹരിക്കേണ്ടതും ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം അപാകങ്ങൾ - ₹63500 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 98/22 |
| പ്രോജക്റ്റിന്റെ പേര് | ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം |
| അടങ്കൽ | ₹150000(വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ്/ബിൽ നം/തുക | ₹144900 , 8/30.03.2022 |

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. പ്രോജക്ടിന്റെ ഭാഗമായി ജെന്റർ കൗൺസിലറായി ശ്രീമതി വിദ്യാസുധീറിനെ നിയമിക്കുകയും ഏപ്രിൽ, നവംബർ, ഡിസംബർ,ജനുവരി, ഫെബ്രുവരി , മാർച്ച് എന്നീ മാസങ്ങളിൽ ഹോണറേറിയമായി പ്രതിമാസം 10000 രൂപ നിരക്കിൽ ആകെ 60000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നിയമനം സംബന്ധിച്ച രേഖകൾ, വേതനം നിശ്ചയിച്ചതിന്റെ രേഖകൾ, കൗൺസിലറുടെ യോഗ്യത സംബന്ധിച്ച വിവരം, നിയമനം അംഗീകരിച്ച ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.കൗൺസിലറായി നിയമിച്ച ശ്രീമതി വിദ്യാസുധീറിന് പ്രതിമാസം നൽകുന്ന 10000 രൂപ ഹോണറേറിയം കൂടാതെ നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ നടന്ന ജെന്റർ ക്യാമ്പയിനിൽ ക്ലാസെടുത്ത വകയിൽ ഒരുദിവസത്തേക്ക് 500 രൂപ നിരക്കിൽ 7 ദിവസത്തേക്ക് 3500 രൂപ ഹോണറേറിയമായി നൽകിയിട്ടുണ്ട്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(24/15.02.2023) നിയമനം സംബന്ധിച്ച രേഖകൾ ഹാജരാക്കുകയോ 3500 രൂപ അധിക ഹോണറേറിയം നൽകിയത് സംബന്ധിച്ച് കൃത്യമായ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഹോണറേറിയം ഇനത്തിൽ നൽകിയ ₹63500 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ ₹83,035 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ട് നമ്പർ | 24/22 |
| പ്രോജക്റ്റിന്റെ പേര് | ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് തുക | ₹ 200000,1/08.2.2022 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി ₹200000 മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം 116965 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ( ഇൻവോയിസ് നമ്പർ/തീയതി LF 1580/ 12.01.2023)ബാക്കി 83,035 രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/14.02.2023) മറുപടിയായി മരുന്ന് ലഭ്യമാകുന്ന മുറക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമായാൽ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ബില്ലുകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-34 മഴക്കാല പൂർവ്വ ശുചീകരണം -ചെലവു രേഖകൾ ലഭ്യമാക്കിയില്ല, 275293/- രൂപയുടെ ചെലവ് ((95293 + 180000) തടസ്സപ്പെടുത്തുന്നു.

(1) മെഡിക്കൽ ഓഫീസറുടെ 28-4-21 ലെ 195/21-ാം നമ്പർ പ്രൊസീഡിംഗ്സ്, ചെക്ക് നമ്പർ JM 1726044, 28-4-21 എന്നിവ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടാളി ഗ്രാമ പഞ്ചായത്തിലെ 18 വാർഡ്തല

ശുചിത്വ കമ്മിറ്റി കൺവീനർമാരുടെ അക്കൗണ്ടിലേക്ക് ₹1,60,689 കൈമാറിയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ, ശുചിത്വ കമ്മിറ്റിയുടെ അക്കൗണ്ട് നമ്പർ | മുൻബാക്കി | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| 1 | I, 40401100008800 | വ്യക്തമല്ല | - | എൻ എച്ച് എം, ശുചിത്വ മിഷൻ ഫണ്ടുകൾ ഒരുമിച്ച് രേഖപ്പെടുത്തിയതിനാൽ വ്യക്തതയില്ല | വ്യക്തമല്ല |
| 2 | II, 40401100008801 | “ | 10000 | “ | വ്യക്തമല്ല |
| 3 | III, 40401100008802 | “ | 10000 | “ | വ്യക്തമല്ല |
| 4 | IV, 40401100008803 | “ | 7613 | “ | വ്യക്തമല്ല |
| 5 | V, 40401100008804 | 2288 | 7123 | 9411 | മുഴുവൻ ചെലവഴിച്ചു |
| 6 | VI, 40401100008805 | 1254 | 10000 | 11254 | മുഴുവൻ ചെലവഴിച്ചു |
| 7 | VII, 40401100008814 | - | 10000 | രേഖകൾ ഹാജരാക്കിയില്ല | 10000 |
| 8 | VIII, 40401100011136 | - | 10000 | 10000 | മുഴുവൻ ചെലവഴിച്ചു |
| 9 | IX, 40401100008815 | 2860 | 8273 | 11133 | മുഴുവൻ ചെലവഴിച്ചു |
| 10 | X, 40401100008813 | - | 10000 | രേഖകൾ ഹാജരാക്കിയില്ല | 10000 |
| 11 | XI, 40401100008816 | - | 10000 | രേഖകൾ ഹാജരാക്കിയില്ല | 10000 |
| 12 | XII, 40401100008806 | - | 10000 | 10000 | മുഴുവൻ ചെലവഴിച്ചു |
| 13 | XIII, 40401100008807 | 9049 | 10000 | 10000 | 9049 |
| 14 | XIV, 40401100008808 | - | 9830 | രേഖകൾ ഹാജരാക്കിയില്ല | 9830 |
| 15 | XV, 40401100008809 | - | 8568 | രേഖകൾ ഹാജരാക്കിയില്ല | 8568 |
| 16 | XVI, 40401100008810 | - | 9282 | രേഖകൾ ഹാജരാക്കിയില്ല | 9282 |
| 17 | XVII, 40401100008812 | - | 10000 | രേഖകൾ ഹാജരാക്കിയില്ല | 10000 |
| 18 | XVIII, 40401100008811 | 8478 | 10000 | 10000 | 8478 |
| | ആകെ | | 160689 | | |

വാർഡ് I ന് തൻവർഷം തുക ലഭിച്ചിട്ടില്ല. V,VI,VIII, IX, XII, XIII, XVIII എന്നീ വാർഡുകളിലെ ശുചിത്വ കമ്മിറ്റി

കൺവീനർമാർ ചെലവുരേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. I, II, III, IV വാർഡുകളുടെ വിവരങ്ങൾ ലഭ്യമാക്കി യെങ്കിലും എൻ എച്ച് എം, ശുചിത്വ മിഷൻ ഫണ്ടുകൾ ഒരുമിച്ച് അക്കൗണ്ട് ചെയ്തതിനാൽ വ്യക്തമായ ചെലവു വിവരങ്ങൾ ലഭിച്ചിട്ടില്ല. ആയതിനാൽ ബാക്കിയുള്ള 95,293/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(2) മെഡിക്കൽ ഓഫീസറുടെ 23-3-22 ലെ 137/22-ാം നമ്പർ പ്രൊസീഡിംഗ്സ്, ചെക്ക് നമ്പർ JM 5409010, തീയതി 23-3-22 എന്നിവ പ്രകാരം കുടാളി ഗ്രാമ പഞ്ചായത്തിലെ 18 വാർഡ്തല ശുചിത്വ കമ്മിറ്റി കൺവീനർമാരുടെ അക്കൗണ്ടിലേക്ക് ₹10000 വീതം ആകെ ₹180000 കൈമാറിയതിന്റെ ചെലവുരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹180000 യുടെ ചെലവും കൂട്ടി ആകെ ₹275293 തടസ്സപ്പെടുത്തുന്നു. മുഴുവൻ വാർഡുകളിലും തുക ചെലവഴിച്ചതിന്റെ രേകകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വയോജനവിശ്രമകേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ-ടെണ്ടർ ബിലോ കുറക്കാത്തത് ₹25,174 നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | വയോജനവിശ്രമകേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ-90/22 |
| അടങ്കൽ | 2,00,000(വികസന ഫണ്ട് -പൊതു വിഭാഗം-ജനറൽ) |
| ചെലവ്,ബിൽ നം &തീയതി | ₹1,89,283- 2122052009301500580/Dt 27.3.2022 |
| കരാറുകാരൻ | ശ്രീ.ആർ.രാമചന്ദ്രൻ |
| കരാർ തുക | 1,65,525 |
| ടെണ്ടർ ബിലോ | 13.3%കുറവ് |
| പ്രവൃത്തി മൂല്യം | 1,69,003 |
| അഗ്രിമെന്റ് നമ്പർ | AE/LSGD/KDLY/41/21-22 Dt 15.12.2021 |
| എം ബുക്ക് | 41/21-22 |

പദ്ധതി നിർവഹണത്തിലെ അപാകം താഴെ പറയുന്നു

വയോജന വിശ്രമകേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ പ്രവൃത്തിയ്ക്ക് ,പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ ബിലോ 13.3% കുറക്കാത്തതിനാൽ ₹25,174 അധികമായി വികസന ഫണ്ട് -പൊതു വിഭാഗം-ജനറലിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

അധിക തുക നൽകിയത് സംബന്ധിച്ച് വിശദവിവരം താഴെ കൊടുക്കുന്നു

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| പ്രവൃത്തി മൂല്യം | 1,69,003 | 1,69,003 | 0 |
| ടെണ്ടർ ബിലോ കുറയ്ക്കേണ്ടത്-13.3% | 0 | 22,477 | 22,477 |
| +ജി എസ് ടി | 20,280.36 | 17,583.12 | 2697.24 |
| ആകെ | 1,89,283.00 | 1,64,109.12 | 25174 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.2.23) അധികമായി ചെലഴിച്ച ₹25,174 കരാറുകാരനോട് തിരിച്ചടക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും ,തുക തിരിച്ചടച്ച് രശീതി ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയട്ടുണ്ട്. തുക ഉത്തരവാദപ്പെട്ടവരിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിൽ ഒടുക്കേണ്ടതാണ് .

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 14.12.2023, 15.02.2023 | കെ.എസ്.എ/കെ.എൻ.ആർ./ സി.10/232/2023 തീയതി: 24.03.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയസ്ഥാപനം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇരിട്ടിബ്ലോക്ക് പഞ്ചായത്ത് | 2,55,000 | നെൽകൃഷിയ്ക്ക് വിത്ത് കമ്മായം കൂലിചെല് 106/22 | 137657 | 117343 |
| | 311376 | ലൈഫ് ഭവന പദ്ധതി -മൂന്നാം ഘട്ടം -173/22 | 311376 | |
| | 1,00,000 | ലൈഫ് മിഷൻ ഭവന പദ്ധതി- 178/22 | 1,00,000 | |
| | 8,80,000 | അഗതി രഹിത കേരളം -ആശ്രയ ലിസ്റ്റിൽഉൾപ്പെട്ട ഭവനരഹിതർക്ക് വീട് നിർമ്മാണം -177/22 | 8,80,000 | |
| | 4,00,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും -4/22 | 4,00,000 | |
| ആകെ | 19,46,376 | | 18,29,033 | 1,17,343 |
| ജില്ലാ പഞ്ചായത്ത് | 22500 | സുഭിക്ഷ കേരളം പച്ചക്കറി തൈ വിതരണം93/22 | 22500 | |
| | 44000 | സുഭിക്ഷ കേരളം -കരനെൽകൃഷി -95/22 | 44,000 | |
| | 10070 | സാന്ത്വന ചികിത്സ-182/22 | 10070 | |
| | 2,68,500 | സാന്ത്വന ചികിത്സ-8/22 | *2,68,500 | |
| | 11677 | സുഭിക്ഷ കേരളം -വീട്ടുവളപ്പിൽ മത്സ്യകൃഷി ബയോഫ്ലോക്ക്13/22 | 11677 | |
| | 19749 | വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകൃഷി പദ്ധതി -പട്ടുതാക്കളം -29/22 | 19749 | |
| | 60084 | മത്സ്യകൃഷി പട്ടുതാക്കളം വിഹിതം നൽകൽ-187/22 | 60084 | |
| | 12,60,000 | ലൈഫ് ഭവന പദ്ധതി SC-179/22 | 12,60,000 | |

| | | | | |
|---|---|---|---|---|
| | 2,25,000 | അഗതി രഹിത കേരളം -ആശ്രയ ലിസ്റ്റിൽഉൾപ്പെട്ട ഭവനരഹിതർക്ക് വീട് നിർമ്മാണം -177/22 | 2,25,000 | |
| | 3,00,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും -116/22 | 3,00,000 | |
| | 3,75,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും -4/22 | 3,75,000 | |
| | 29,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-14/22 | 29,000 | |
| | 532910 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-156/22 | 532910 | |
| | 8,30,000 | നരിപ്പോട്ടക്കരി കുടിവെള്ള പദ്ധതി-123/22 | 8,30,000 | |
| ആകെ | 3988490 | | 3988490 | |

* ഈ പദ്ധതിയിൽ 22500 ട്രഷറി റിസംപ്ഷൻ ആയി വാർഷീക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ₹22500 ന്റെ ചെലവ് വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ട്. വൈരുദ്ധ്യത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ നം.&തീയതി | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | നരിപ്പോട്ടക്കരി കുടിവെള്ള പദ്ധതി -123/22 | 8,30,000 | 22100178172 6077dt9.6.2021 | 3,89,624 | 4,40,376 |

ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

പാണലാട്ട് ലൈബ്രറിയിൽ പൊതുടോയ് ലറ്റ് നിർമ്മാണം - 211/22 പദ്ധതിയ്ക്ക് വേണ്ടി കൺവീനർക്ക് തുക നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | വൗച്ചർ നം./തുക | റിമാർക്സ് |
|---|---|---|---|
| പാണലാട്ട് ലൈബ്രറിയിൽ പൊതു ടോയിലറ്റ് നിർമ്മാണം 211/22 | ശ്രീ.ഷിജിത്ത് പി.കെ. | കേന്ദ്രാവിഷ്കൃത ഫണ്ട് പി എഫ് എം എസ് 36,000 | ഫൈനൽ ബിൽ നൽകിയിട്ടില്ല. |

## 4-5 വായ്പ / വായ്പതിരിച്ചടവ്

തൻ വർഷം വായ്പ ലഭിച്ചിട്ടില്ല .വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പയുടെ വിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി (KURDFC ലോൺ) | സ.ഉ.(എം.എസ്) നം.2278/ത.സ്വ.ഭ.വ തീയ്യതി: 18-8-2018 | 5636553 | 4903220 | 366667 | 45,36,553 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹2,58,339 |
| തൻവർഷം നിക്ഷേപിച്ച തുക | 32,678 |
| ആകെ | ₹2,91,017 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹2,91,017 |

| നിക്ഷേപത്തിന്റെ വിവരം | | | |
|---|---|---|---|
| സ്ഥാപനം | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | പലിശ നിരക്ക് | കാലാവധി |
| കനറാ ബാങ്ക്, പട്ടാന്നൂർ | 457411/14-2-2020 | 6% | 2 വർഷം |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ ₹40440 വിശദവിവരം താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രശീതി നമ്പർ&തീയ്യതി |
|---|---|---|---|---|
| 2020-21 | 1-16 | 3200 | എടക്കാട് ബ്ലോക്ക് പ്രിൻറിംഗ് &പബ്ലിഷിങ് കോ ഓപ്പ് സൊസൈറ്റി | 121010104614,15/12/2021 |
| 2019-20 | 1-12 | 4500 | അനീസ് കെ എ | 121010103727,26/11/2021 |
| 2019-20 | 1-12 | 1800 | കെ കുഞ്ഞിപ്പക്കർ | 121010103034,03/11/2021 |
| 2019-20 | 1-12(1) | 1800 | സുമേഷ് എ | 121010104657,16/12/2021 |
| 2019-20 | 1-12(2) | 450 | അനിൽ കെ സി,ബിൽഡിംഗ് പ്ലാൻ സൂപ്പർവൈസർ | 121010104261,08/12/2021 |
| 2019-20 | 1-12(1) | 1440 | ആശ സ്വാശ്രയ സംരംഭം | 121010104821,20/12/2021 |
| 2020-21 | 1-12 | 3600 | അജിത് കുമാർ എ | 121010102847,27/10/2021 |
| 2020-21 | 1-12 | 1050 | ഹനീഫ പി പി | 121010103701,25/11/2021 |
| 2020-21 | 1-12 | 1050 | ഹനീഫ പി പി | 121010103702,25/11/2022 |
| 2020-21 | 1-12(1) | 1800 | എ രമേശൻ | 121010103969,03/12/2021 |
| 2020-21 | 1-12(1) | 1200 | മുഹമ്മദ് ഷാഫി കെ എ | 121010103974,03/12/2021 |
| 2020-21 | 1-12(2) | 1050 | അനിൽ കെ സി,ബിൽഡിംഗ് പ്ലാൻ സൂപ്പർവൈസർ | 121010104262,08/12/2021 |
| 2020-21 | 1-12(1) | 1800 | സുമേഷ് എ | 121010104658,16/12/2021 |
| 2020-21 | 1-12(1) | 1200 | സുമേഷ് എ | 121010104659,16/12/2021 |
| 2020-21 | 1-12(1) | 500 | കിനാക്കൽ വലിയപാത്ത് റഷീദ് | 121010106594,24/01/2022 |

| | | | | |
|---|---|---|---|---|
| 2020-21 | 1-12(1) | 1200 | കിനാക്കൽ വലിയപാത്ത് റഷീദ് | 121010106595,24/01/2022 |
| 2019-20 | 1-13 | 500 | അജിത് കമാർ എ | 121010102950,01/11/2021 |
| 2019-20 | 1-13 | 500 | അബ്ദുൾ റാസിക് | 121010102968,02/11/2021 |
| 2019-20 | 1-13 | 800 | അബ്ദുൾ റാസിക് | 121010102969,02/11/2021 |
| 2019-20 | 1-13 | 500 | രാജീവൻ വി വി | 121010103757,27/11/2021 |
| 2019-20 | 1-13(2) | 500 | ശാംജിത്ത് പി കെ | 121010103900,01/12/2021 |
| 2019-20 | 1-13(2) | 500 | UVAISUL KARNI | 121010103992,03/12/2021 |
| 2019-20 | 1-13(2) | 100 | കെ വി വിജയൻ | 121010104360,10/12/2021 |
| 2019-20 | 1-13(2) | 100 | മുകുന്ദൻ മാണിക്കോത്ത് | 121010104361,10/12/2021 |
| 2019-20 | 1-13 | 500 | സന്തോഷ് തോമസ് | 121010104436,13/12/2021 |
| 2019-20 | 1-13 | 500 | സെക്രട്ടറി,എക്കോസ് കൺസ്യൂമർ സ്റ്റോർ | 121010104448,13/12/2021 |
| 2019-20 | 1-13(2) | 100 | അഷ്റഫ് വി കെ | 121010104883,21/12/2021 |
| 2019-20 | 1,-13(2) | 500 | അഷ്റഫ് വി കെ | 121010104884,21/12/2021 |
| 2019-20 | 1-13(2) | 500 | ഷഫീർ എം | 121010105971,11/01/2022 |
| 2019-20 | 1-13(2) | 4000 | നൌഫൽ കെ | 121010107962,28/02/2022 |
| 2020-21 | 1-13 | 100 | സുദേവ് പി | 121010103753,27/11/2021 |
| 2020-21 | 1-13 | 500 | പി പി സാദിഖ് | 121010103842,30/11/2021 |
| 2020-21 | 1-13(1) | 500 | ജയേഷ് കെ എം | 121010104097,06/12/2021 |
| 2020-21 | 1-13(1) | 500 | കെ രാജൻ | 121010104178,07/12/2021 |
| 2020-21 | 1-13 | 500 | ഷാജി സി വി | 121010104599,15/12/2021 |
| 2020-21 | 1-13(1) | 500 | സുമേഷ് എ | 121010104660,16/12/2021 |
| 2020-21 | 1-13(1) | 100 | ദാവൂദ് ടിസി | 121010105959,11/01/2022 |
| 2020-21 | 1-13(1) | 500 | സെക്രട്ടറി,പട്ടാന്നൂർ സഹകരണ ബാങ്ക് | 121010106033,12/01/2022 |
| ആകെ | | 40440 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)o വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11<br>2011-12 | 3-9 | 2012-13 | 3-3-6-8 | ആരോഗ്യമേഖല വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | - |
| 2011-12 | ലഭ്യമല്ല | 2012-13 | 3-3-6-19 | പൊതുശൌചാലയം ജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തത് | - |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | 2.2 അനുബന്ധം 4 | തൊഴിൽ നികുതി | - |
| 2015-16 | 2.6 | 2017-18 | 2.6 അനുബന്ധം 4 | നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമയ്ക്കൽ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിച്ചതായി ഗ്രാമ പഞ്ചായത്ത് അറിയിച്ചു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,40,23,928.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,40,42,454.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28,263* (27792+471) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1017417 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-26& 3-1 | | 25,174 | ശ്രീമതി.നിധിന .കെ (ഓവർസിയർ -അധിക ചുമതല) |
| 1-27& 3-2 | | 2,618 | ശ്രീമതി.നിധിന .കെ (ഓവർസിയർ -അധിക ചുമതല) |
| ആകെ | | 27792 | |

* ഓഡിറ്റ് അന്വേഷണനം&തീയതി-7/14.2.2023 കുടാളി പൊതുടോയ്ലറ്റ് അധിക നിർമ്മാണം -പാർട്ട് ബിൽ തുക കുറയ്ക്കാതെ ഫൈനൽബിൽനൽകിയതിനാൽ അധികം നൽകിയ ₹76,073 രശീതി നം &തീയതി 1220106509/G131005 തീയതി 16.2.2023 തിരിച്ചടച്ചിട്ടുണ്ട്.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 132818 | ശ്രീമതി. ഷെറിൻ ജോസ് (കൃഷി ഓഫീസർ -അധിക ചുമതല) |
| 1-18 | 2,02,500 | ശ്രീമതി .ഷെറിൻ ജോസ് (കൃഷി ഓഫീസർ -അധിക ചുമതല) |
| 1-19 | 3,00,000 | ഡോ.സിനി.കെ .ആർ(വെറ്റിനറി സർജൻ) |

| | | |
|---|---|---|
| 1-21 | 43,306 | ശ്രീ.എം.പ്രദീപൻ (സെക്രട്ടറി) |
| 1-32 | 63,500 | ശ്രീ.ദിനേശൻ പാറയിൽ (അസിസ്റ്റന്റ് സെക്രട്ടറി ) |
| 1-34 | 2,75,293 | ഡോ.സോനു.ബി.നായർ(മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി ) |
| ആകെ | 1017417 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27& 3-2 | 471 | ശ്രീമതി.നിധിന .കെ (ഓവർസിയർ -അധിക ചുമതല) |
| ആകെ | 471 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.നിധിന .കെ (ഓവർസിയർ -അധിക ചുമതല) | ഓവർസിയർ ,കൂടാളി ഗ്രാമ പഞ്ചായത്ത് | സൗരഭ്യം,ഉരുവച്ചാൽ (പി ഒ) |
| ശ്രീമതി .ഷെറിൻ ജോസ് (കൃഷി ഓഫീസർ -അധിക ചുമതല) | കൃഷി ഓഫീസർ,അഞ്ചരക്കണ്ടി കൃഷി ഭവൻ | അരക്കത്തിൽ, തേക്കിനാട, വൈക്കം(പി ഒ), കോട്ടയം |
| ഡോ.സിനി.കെ .ആർ(വെറ്റിനറി സർജൻ) | വെറ്റിനറി സർജൻ,കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് | തോപ്പിൽ വീട്,ശാസ്ത വട്ടം, തിരുവനന്തപുരം |
| ശ്രീ.എം.പ്രദീപൻ (സെക്രട്ടറി) | സെക്രട്ടറി, മാട്ടൂൽ ഗ്രാമ പഞ്ചായത്ത് | തിരുവോണം,അടുത്തില,പഴയങ്ങാടി |
| ശ്രീ.ദിനേശൻ പാറയിൽ (അസിസ്റ്റന്റ് സെക്രട്ടറി ) | അസിസ്റ്റന്റ് സെക്രട്ടറി, മടിക്കൈ ഗ്രാമ പഞ്ചായത്ത് | ചൈത്രം, കൊളോളം, എടയന്നൂർ (പി ഒ) |
| ഡോ.സോനു.ബി.നായർ(മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി ) | മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി,കൂടാളി | അമൻ, ചെട്ടിപീടിക, പള്ളിക്കുന്ന് (പി ഒ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | നം.കെ.എസ്.എ/കെ.എൻ.ആർ /സി10/1249/22 തീയതി 19.9.2022 | 1 |
| 2004-05 | നം.കെ.എസ്.എ/കെ.എൻ.ആർ /സി10/1249/22 തീയതി 19.9.2022 | 1 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ /സി10/1249/22 തീയതി 19.9.2022 | 2 |

| | | |
|---|---|---|
| 2009-10 | നം.കെ.എസ്.എ/കെ.എൻ.ആർ /സി10/1249/22 തീയതി 19.9.2022 | 1 |
| 2010-11,2011-12 | നം.കെ.എസ്.എ/കെ.എൻ.ആർ /സി10/1249/22 തീയതി 19.9.2022 | 2 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ /സി10/1249/22 തീയതി 19.9.2022 | 2 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ /സി10/1249/22 തീയതി 19.9.2022 | 1 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി 10/952/21 തീയതി 6-10-21 | 16 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി 10/953/21 തീയതി 6-10-21 | 33 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Koodali Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 49153004.68 |
| Cash | Cash | RP-40(a) | 142033.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1679700.00 |
| 140000000 | Fees & User Charges | RP-4 | 1325399.00 |
| 150000000 | Sale & Hire Charges | RP-5 | 339642.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 56761756.00 |
| 171000000 | Interest Earned | RP-9 | 1457957.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14185739.00 |
| 340000000 | Deposits Received | RP-34 | 3647.00 |
| 350000000 | Other Liabilities | RP-36 | 933463.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 33471.00 |
| 311000000 | Earmarked Funds | RP-29 | 30052.00 |
| 340000000 | Deposits Received | RP-34 | 129522.00 |
| 350000000 | Other Liabilities | RP-36 | 435312.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6708268.00 |
| | Grand total | | 133318965.68 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4778380.00 |
| 220000000 | Administrative Expenses | RP-12 | 764449.00 |
| 230000000 | Operations & Maintenance | RP-13 | 2062938.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6441737.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 22503350.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1966898.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1411865.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 122000.00 |
| 255000000 | Maintenance Projects | RP-20 | 11275222.00 |
| 260000000 | Grants, Contributions and Compensations | RP-22 | 542500.00 |

| | | | |
|---|---|---|---|
| | from Own Fund | | |
| 280000000 | Prior Period item | RP-26 | 159748.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 743867.00 |
| 340000000 | Deposits Received | RP-34 | 1647.00 |
| 350000000 | Other Liabilities | RP-36 | 11568495.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 695.00 |
| 280000000 | Prior Period Item | RP-26 | -34340.00 |
| 311000000 | Earmarked Funds | RP-29 | 14000.00 |
| 340000000 | Deposits Received | RP-34 | 64087.00 |
| 350000000 | Other Liabilities | RP-36 | 4685441.00 |
| 410000000 | Fixed Assets | RP-38 | 11686282.00 |
| 412000000 | Capital work in Progress | RP-40 | 568052.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 134557.00 |
| 460000000 | Loans, Advances and Deposits | RP-47 | 2580584.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 49184009.68 |
| Cash | Cash | RP-40(b) | 92502.00 |
| | Grand Total | | 133318965.68 |

2. ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Koodali Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8295039.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 117542.00 |
| 140000000 | Fee & User Charges | I-4(b) | 1649148.00 |
| 150000000 | Sale & Hire Charges | I-5(b) | 352642.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 171869546.00 |
| 170000000 | Income from Investments | I-7 | 32678.00 |
| 171000000 | Interest Earned | I-8 | 1457957.00 |
| 180000000 | Other Income | I-9 | 348174.00 |
| | Total Income | | 184122726.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 15200542.00 |
| 220000000 | Administrative Expenses | I-11(b) | 766001.00 |
| 230000000 | Operations & Maintenance | I-12(b) | 2622838.00 |
| 240000000 | Interest & Finance Charges | I-13 | 695.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6441737.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 58317751.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2386898.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1456128.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 67849800.00 |
| 255000000 | Maintenance Projects | I-14(e) | 11275222.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 542500.00 |
| 270000000 | Provisions and Write off | I-16 | 1722.00 |
| 272000000 | Depreciation | I-17(a) | 12514978.00 |
| | Total Expenditure | | 179376812.00 |
| | Gross Surplus/ Deficit of income over Expenditure | | 4745914.00 |
| 280000000 | Prior Period Item | I-18 | -12979801.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 17725715.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3.ബാലൻസ് ഷീറ്റ്

| Koodali Grama Panchayat BALANCE SHEET As on 31-03-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 52486499.63 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 73831.00 |
| 312000000 | Reserves | B-3 | 77379029.00 |
| | Total Reserve & Surplus | | 129939359.63 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5656494.00 |
| | Total Grants, Contributions for Specific Purposes | | 5656494.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4536553.00 |
| | Total Loans | | 4536553.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 669726.00 |
| 350000000 | Other Liabilities | B-9 | 1983972.70 |
| | Total Current Liabilities and Provisions | | 2653698.70 |
| | TOTAL LIABILITIES | | 142786105.33 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 159940632.00 |
| 411000000 | Accumulated Depreciation | B-11 | -72887824.00 |
| 412000000 | Capital Work in Progress | B-11(a) | 2240967.00 |
| | Total Fixed Assets | | 89293775.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 291017.00 |
| | Total Investments | | 291017.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 186566.65 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 49276511.68 |
| 460000000 | Loans, Advances and Deposits | B-18 | 3738235.00 |
| | Total Current Assets, Loans and Advances | | 53201313.33 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 142786105.33 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.